(ബി) 5318 പേർക്ക് തുക ഇതുവരെ നൽകിയിട്ടില്ല.

(സി&ഡി) അനുവദിച്ച തുക ഇനിയും ലഭിക്കാത്തവർക്ക് ഡിസംബർ 31-നകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലാഭരണത്തിലെ പ്രതിസന്ധി

9 (10) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാതല ഉദ്യോഗസ്ഥരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം മലപ്പുറം ജില്ലാ ഭരണത്തിലുണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതെല്ലാം തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചു ; വിശദാംശം നൽകുമോ ;

(ബി) പല തസ്തികകളും ഇപ്പോഴും ഒഴിഞ്ഞുകിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള ഒഴിവുകൾ ഏതെല്ലാം ; ഇവയിലേക്ക് നിയമനം നടത്താൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മലപ്പുറം ജില്ലാ റവന്യു ഭരണത്തിനുകീഴിൽ ജില്ലാതല ഉദ്യോഗസ്ഥരുടെ തസ്തികകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നില്ല. എൻട്രി കേഡർ തസ്തികകളിലുള്ള ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വെള്ളായണി കായൽ കയ്യേറ്റം

10 (11) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളായണി കായൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതിനും കായലിനടിയിൽ തങ്ങളുടെ പട്ടയഭൂമി കിടക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുംശുദ്ധജല തടാകമായി സംരക്ഷിക്കുന്നതിനുമായി കർമ്മപദ്ധതി 2015 ജൂൺ മാസത്തിൽ സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് മാനേജ്മെന്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; ആയത് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല പരിശോധനാ സമിതി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly